2026
JANUARY
07
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ട്രംപിന്റെ ഭീഷണി: ഇന്ത്യ–യുഎസ് ബന്ധം വീണ്ടും വഷളാകുന്നു

**ന്യൂഡൽഹി :** ഇന്ത്യയുഎസ് വ്യാപാരക്കരാർ ഉടൻ യാഥാർഥ്യമാകാനുള്ള സാധ്യത പൊളിച്ച് ട്രംപിന്റെ ഭീഷണി. വെനസ്വേലയെ ആക്രമിച്ച് പ്രസിഡന്റ് മഡുറോയെയും ഭാര്യയും അമേരിക്കയിലേക്ക് 'കടത്തിയതിന്' പിന്നാലെ ട്രംപ് ഇന്ത്യ ഉൾപ്പെടെ 6 രാജ്യങ്ങൾക്കുമേൽ പുതിയ ഭീഷണികൾ മുഴക്കി.

ഇന്ത്യ ഇനിയും റഷ്യൻ എണ്ണ വാങ്ങിയാൽ അമേരിക്കയിലെത്തുന്ന ഇന്ത്യൻ ഉൽപന്നങ്ങൾക്കുമേൽ കൂടുതൽ തീരുവ ചുമത്തുമെന്നാണ് മുന്നറിയിപ്പ്. അമേരിക്കൻ കാർഷിക, ക്ഷീര ഉൽപന്നങ്ങൾക്ക് ഇന്ത്യയിൽ വിപണി തുറന്നുകിട്ടണമെന്ന ട്രംപിന്റെ പിടിവാശിക്ക് ഇന്ത്യ വഴങ്ങാത്തതാണ് നിലവിൽ വ്യാപാരക്കരാർ വരുന്നത് നീളാനുള്ളൊരു കാരണം.

നിലവിൽതന്നെ, യുഎസ് അടിച്ചേൽപ്പിച്ച 50% തീരുവ ഇന്ത്യയെ അസ്വസ്ഥതപ്പെടുത്തിയിട്ടുണ്ട്. ഇതു കുറയ്ക്കാനും കൂടിയാണ് യുഎസുമായി വ്യാപാരച്ചർച്ച. കഴിഞ്ഞ സെപ്റ്റംബർ നവംബറോടെ പ്രാബല്യത്തിൽ വരേണ്ട കരാരാണ് ഇനിയും തീരുമാനമെത്താതെ നിൽക്കുന്നത്. ഇതിനിടെ, ട്രംപ് പുതിയ ഭീഷണിയുമായി



വന്നത് തുടർ ചർച്ചകളുടെ സാധ്യത തുലാസിലാക്കി.

ഇന്ത്യ റഷ്യൻ എണ്ണ വാങ്ങുന്നത് കുറച്ചെന്നും തീരുവഭാരം കുറയ്ക്കാൻ ട്രംപിനോട് പറയണമെന്നും യുഎസിലെ ഇന്ത്യൻ അംബാസഡർ അഭ്യർഥിച്ചതായി ട്രംപ് അനുകൂലിയായ യുഎസ് സെനറ്റർ ലിൻഡ്സേ ഗ്രഹാം വെളിപ്പെടുത്തിയിരുന്നു. ഇതേ ഗ്രഹാം, റഷ്യൻ എണ്ണയുടെ പേരിൽ ഇന്ത്യയ്ക്കെതിരെ 500% പിഴത്തീരുവ ചുമത്താനുള്ള ബില്ലും തയാറാക്കിവച്ചിട്ടുണ്ട്.

നിലവിലെ 50% തീരുവതന്നെ ഇന്ത്യയിൽ നിന്ന് യുഎസിലേക്കുള്ള വസ്ത്രം, ലെതർ, സമുദ്രോൽപന്നം, ജെം ആൻഡ് ജ്വല്ലറി തുടങ്ങിയ സുപ്രധാന കയറ്റുമതികളെയെല്ലാം സാരമായി ബാധിച്ചിട്ടുണ്ട്. തീരുവ 10-15 ശതമാനത്തിലേക്ക് കുറയ്ക്കാനും ചൈന, വിയറ്റ്നാം, ഫിലിപ്പീൻസ്, ഇന്തൊനീഷ്യ, ബംഗ്ലദേശ് എന്നിവയേക്കാൾ കയറ്റുമതിയിൽ മുൻതൂക്കം നേടാനുമാണ് യുഎസുമായി വ്യാപാരക്കരാർ യഥാർഥ്യമാക്കുന്നതിലൂടെ ഇന്ത്യ ഉന്നമിടുന്ന നേട്ടം.



# ആദ്യത്തെ 12 വന്ദേഭാരത് സ്ലീപ്പർ ട്രെയിനുകളിൽ രണ്ടെണ്ണം കേരളത്തിന്

**തിരുവനന്തപുരം:** കേരളത്തിന് 2 വന്ദേഭാരത് സ്ലീപ്പർ ട്രെയിനുകളും ഒരു അമൃത് ഭാരത് ട്രെയിനും പരിഗണനയിൽ. 12 സ്ലീപ്പർ വന്ദേഭാരത് ട്രെയിനുകൾ ഈ വർഷം പുറത്തിറക്കുന്നതിൽ നിയമസഭാ തിരഞ്ഞെടുപ്പ് നടക്കാൻ പോകുന്ന സംസ്ഥാനങ്ങൾക്കായിരിക്കും ആദ്യ പരിഗണന. എറണാകുളത്തു നിന്നു ബിഹാറിലെ ജോഗ്ബനിയിലേക്ക് അമൃത് ഭാരത് ട്രെയിനും പരിഗണനയിലുണ്ട്. തിരഞ്ഞെടുപ്പിനു മുന്നോടിയായി നേമം റെയിൽവേ ടെർമിനൽ രണ്ടാം ഘട്ടത്തിനുള്ള അനുമതിക്കും ബിജെപി സംസ്ഥാന ഘടകം സമ്മർദം ചെലുത്തുന്നുണ്ട്.

തിരുവനന്തപുരം ചെന്നൈ, തിരുവ നന്തപുരം ബെംഗളൂരു റൂട്ടിൽ. വൈകിട്ട് പുറപ്പെട്ട് പിറ്റേദിവസം രാവിലെ ലക്ഷ്യസ്ഥാനത്ത് എത്തും. ഈ റൂട്ടുകളിലെ ഏറ്റവും വേഗം കൂടിയ സർവീസാകും ആകെ 16 കോച്ച്. 11 തേഡ് എസി, 4 സെക്കൻഡ് എസി, ഒരു ഫസ്റ്റ് എസി കോച്ചുകളിലായി 823 ബെർത്തുകൾ.

എറണാകുളത്തു നിന്നു ബിഹാറിലെ ജോഗ്ബനിയിലേക്ക്. സ്ലീപ്പർ ക്ലാസും ജനറൽ സെക്കൻഡ് ക്ലാസ് കോച്ചും മാത്രം. പ്രധാനമായും അതിഥിത്തൊഴിലാളികളെ ലക്ഷ്യമിട്ടുള്ള സർവീസ് ഇരുവശത്തും എൻജിനുള്ളതിനാൽ പെട്ടെന്നു തന്നെ വേഗം കൈവരിക്കും.

# കയറ്റുമതി മേഖലയ്ക്ക് 7295 കോടിയുടെ പാക്കേജ്

**ന്യൂഡൽഹി :** കയറ്റുമതി മേഖലയ്ക്ക് ഉത്തേജനമേകാൻ 7295 കോടി രൂപയുടെ കേന്ദ്ര പാക്കേജ്. 5181 കോടി രൂപ പലിശ ഇളവിനും 2114 കോടി രൂപ ഈട് സഹായത്തിനുമായാണ് ഈ തുക അനുവദിച്ചത്. ആറു വർഷം കൊണ്ടാണ് പദ്ധതി നടപ്പാക്കുക. പദ്ധതി പ്രകാരം പ്രീ ആൻഡ് പോസ്റ്റ് ഷിപ്പ്മെന്റ് കയറ്റുമതിക്കാർക്ക് സബ്സിഡി ലഭിക്കും. ഇതുവഴി കയറ്റുമതിക്കാർക്ക് വായ്പാ ചെലവ് കുറയ്ക്കാനാകും. അടുത്തകാലത്ത് യു.എസ്. ഏർപ്പെടുത്തിയ ഉയർന്ന തീരുവയുടെ പശ്ചാത്തലത്തിൽ രാജ്യാന്തര വിപണിയിൽ ഭാരതീയ ഉത്പന്നങ്ങളുടെ മത്സര ക്ഷമത വർദ്ധിപ്പിക്കാനും ഇതിലൂടെ കഴിയും. കഴിഞ്ഞ നവംബറിൽ അംഗീകരിച്ച 25,060 കോടി രൂപയുടെ കയറ്റുമതി പ്രോത്സാഹന ദൗത്യത്തിന്റെ രണ്ടാം ഘട്ടമായാണ് പുതിയ പാക്കേജ് പ്രഖ്യാപിച്ചിരിക്കുന്നത്. അതേസമയം റിസർവ് ബാങ്കിന്റെ കണക്കുകൂട്ടലുകളെ പോലും മറികടന്ന് ഭാരതം സാമ്പത്തിക മേഖലയിൽ മുന്നേറ്റം തുടരുകയാണ്.

നടപ്പ് സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ സാമ്പത്തിക വളർച്ച 8.2 ശതമാനം ആയി. റിസർവ് ബാങ്കിന്റെ അനുമാനം 7 ശതമാനം മാത്രമായിരുന്നു. മിക്ക റേറ്റിങ് ഏജൻസികളും 7 മുതൽ 7.5 ശതമാനം വരെ ആണ് പ്രവചിച്ചത് ആദ്യ പാദത്തിൽ 7.2 ശതമാനം ആയിരുന്നു വളർച്ച. ഈ സാമ്പത്തിക വർഷത്തിൽ ഇത് 6.3 മുതൽ 6.8 ശതമാനം വരെ സമ്പദ്വ്യവസ്ഥ വളരും എന്നായിരുന്നു നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽസ് ഓഫീസിന്റെ അനുമാനം. രാജ്യത്ത് ഉത്പാദന മേഖലയിലും ഗണ്യമായ വളർച്ച നേടാനായി. ഉത്പാദന വളർച്ച ശരാശരി 2.2 ശതമാനം ആയിരുന്നത് ഇക്കുറി 9.1 ശതമാനമായി. ലോകത്ത് ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്വ്യവസ്ഥയെന്ന സ്ഥാനമാണ് ഇതോടെ ഭാരതത്തിനു കൈവന്നിരിക്കുന്നത്.






# ഇന്നത്തെ പരിപാടികൾ

**ചോറ്റാനിക്കര:** ചോറ്റാനിക്കര പബ്ലിക് ലൈബ്രറി : അനുസ്മരണം 'ശ്രീനിവാസൻ ഒരോർമ്മ' – ചലച്ചിത്ര പ്രദർശനം, അനുസ്മരണ സമ്മേളനം – വൈകീട്ട് 6.30ന്.

**ചോറ്റാനിക്കര:** ദേവീക്ഷേത്രം: മകരവിളക്ക് മഹോൽസവം– ലക്ഷാർച്ചന– രാവിലെ 6 മുതൽ.

**പിറവം:**നെച്ചൂർ സെന്റർ പള്ളി : മാർ യോഹന്നാൽ മാംദോനോയുടെ ഓർമപെരുന്നാൽ–പ്രഭാത നമസ്കാരവും വികുർബാനയും –രാവിലെ 6.30ന്.

**മൂവാറ്റുപുഴ:** കലൂർ ഐപ്പ് മെമ്മോറിയൽ ഹൈസ്കൂൾ – പ്ലാറ്റിനം ജൂബിലി ആഘോഷം – ധനശേഖരണാർഥം തിരുവനന്തപുരം അജന്ത തീയേറ്റേഴ്സിന്റെ നാടകം വംശം– രാത്രി 7 മണി.

# സ്വയംതൊഴിൽ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു

**തൃശൂർ:** സംസ്ഥാന പട്ടികജാതി, പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മിൽമയുമായി ചേർന്ന് തൊഴിൽരഹിതർക്കായി നടപ്പിലാക്കുന്ന സ്വയംതൊഴിൽ പദ്ധതിയിലേക്ക് യോഗ്യരായവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും സംരംഭകത്വ ഗുണമുള്ളവരും 18നും 60നും മദ്ധ്യേ പ്രായമുള്ളവരും ആയിരിക്കണം. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പാലിനും, അനുബന്ധ ഉത്പ്പന്നങ്ങൾക്കും വിപണന സാധ്യതയുള്ള അനുയോജ്യമായ സ്ഥലങ്ങളിൽ മിൽമ ഷോപ്പി അല്ലെങ്കിൽ മിൽമ പാർലർ ആരംഭിക്കുന്നതിന് അവസരം ലഭിക്കുകയും ഇതിനാവശ്യമായ വായ്പ പട്ടികജാതി, പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുകയും ചെയ്യും. വായ്പയുടെ തിരിച്ചടവ് കാലാവധി അഞ്ച് വർഷമായിരിക്കും.

പട്ടികജാതി, പട്ടികവർഗ്ഗ വികസന കോർപ്പറേഷനും മിൽമ അധികൃതരും സംയുക്തമായി തെരഞ്ഞെടുക്കുന്ന സ്ഥലങ്ങളിലായിരിക്കും സംരംഭത്തിന് അനുമതി ലഭിക്കുക. ആവശ്യമായ സ്ഥലവും കെട്ടിടവും അനുബന്ധ സൗകര്യങ്ങളും തെരഞ്ഞെടുക്കപ്പെടുന്നവർ സ്വന്തമായി സജ്ജീകരിക്കണം. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സംരംഭം നടത്തുന്നതിനാവശ്യമായ ഉത്പ്പന്നങ്ങളും, സാങ്കേതിക സഹായവും നൽകുകയും ഫ്രീസർ, കൂളർ എന്നിവ സബ്സിഡി നിരക്കിലും മിൽമ ലഭ്യമാക്കും. ഷോപ്പി, പാർലറിന് ആവശ്യമായ സൈനേജ് മിൽമ നൽകും. താത്പ്പര്യമുള്ള അപേക്ഷകർ അപേക്ഷാ ഫോറത്തിനും വിശദ വിവരങ്ങൾക്കുമായി ചേലക്കര സബ് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 04884 251959, 9400068521.

# ക്ലിന്റ് സ്മാരക ചിത്ര രചനാ മത്സരം

**കോട്ടയം:** ശിശുക്ഷേമസമിതി 75ാം വാർഷികത്തിന്റെ ഭാഗമായി നടത്തുന്ന ക്ലിന്റ് സ്മാരക ബാലചിത്ര രചനാ മത്സരത്തിന്റെ ജില്ലാതല മത്സരം ജനുവരി 10ന് രാവിലെ ഒൻപതുമണിക്ക് ചങ്ങനാശേരി മോഡൽ ഹൈസ്കൂളിൽവച്ചു നടക്കും.

ആദ്യമൂന്ന് സ്ഥാനങ്ങളിലെത്തുന്നവർക്കു ജനുവരി 24 ന് എറണാകുളത്ത് മറൈൻ ഡ്രൈവിനോട് ചേർന്നുള്ള ചിൽഡ്രൻസ് പാർക്കിൽ നടക്കുന്ന സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാം.

എൽ.പി, യു.പി, ഹൈസ്ക്കൂൾ, ഹയർ സെക്കൻഡറി വിഭാഗത്തിലും ഭിന്നശേഷി വിഭാഗത്തിലുമാണ് മത്സരം. ഭിന്നശേഷി വിഭാഗത്തിലുള്ളവരെ കാഴ്ച ശക്തി കുറവുള്ളവർ, സംസാരവും കേൾവിക്കുറവും നേരിടുന്നവർ എന്നിങ്ങനെ രണ്ടായി തിരിച്ച് എൽ.പി, യു പി, ഹൈസ്ക്കൂൾ, ഹയർ സെക്കൻഡറി വിഭാഗങ്ങളിലായിട്ടായിരിക്കും മത്സരം. പ്രത്യേക ശേഷി വിഭാഗക്കാർക്ക് ജില്ലാതലത്തിൽ മാത്രമായിരിക്കും മത്സരം. ഇവർ മത്സരത്തിന് ഭിന്നശേഷി സർട്ടിഫിക്കറ്റ് ഹാജരാക്കണം.

ജലഛായം, എണ്ണഛായം, പെൻസിൽ ഡ്രോയിംഗ് എന്നീ എത് മാധ്യമവും ഉപയോഗിക്കാം. പേപ്പർ സൗജന്യമായി നൽകും. പങ്കെടുക്കുന്നവർ സ്ക്കൂൾ ഐ.ഡി. കാർഡുകൾ സഹിതം മത്സരദിവസം രാവിലെ 8.30 ന് രജിസ്ട്രേഷനായി എത്തിച്ചേരണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 94473 55195, 9447366800, 9447247417.




# രുചിക്കൊപ്പം ആരോഗ്യവും: ഏറ്റുമാനൂരിലെ മില്ലറ്റ് കഫേ വിജയത്തിലേക്ക്

**കോട്ടയം:** ചെറുകിട സംരംഭകർക്കുള്ള സർക്കാർ പിന്തുണയുടെ സാക്ഷ്യമായി ആരോഗ്യകരമായ വിജയവഴിയിൽ ഏറ്റുമാനൂരിലെ അർച്ചനാസ് മില്ലറ്റ് കഫേ. ചെറു ധാന്യങ്ങൾ കൊണ്ടുള്ള പലഹാരങ്ങളും പാനീയങ്ങളുമായി പുതിയൊരു ആരോഗ്യശീലത്തിനും വഴിയൊരുക്കുകയാണ് ഏറ്റുമാനൂർ കിസ്മത് പടിയിലുള്ള കഫേ.

കാർഷികകർഷക ക്ഷേമ വകുപ്പിന്റെ സാമ്പത്തികസഹായത്തോടെ 2025 ജൂലൈയിൽ ആണ് അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ മില്ലറ്റ് കഫേ ആരംഭിച്ചത്. കൃഷിവകുപ്പിന്റെ 2023ലെ പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ചുലക്ഷം രൂപയാണ് സഹായമായി നൽകിയത്. വകുപ്പിന്റെ പിന്തുണയോടെ ജില്ലയിൽ ആരംഭിച്ച ആദ്യ മില്ലറ്റ് കഫേ ആറുമാസം കൊണ്ടു കൈവരിച്ച ലാഭം ആറുലക്ഷം രൂപയാണ്. ചോറും കഞ്ഞിയും ലഘുഭക്ഷണങ്ങളും പാനീയങ്ങളും ഉൾപ്പെടെ പോഷകസമൃദ്ധവും വൈവിധ്യവുമാർന്ന മില്ലറ്റ് വിഭവങ്ങളാണ് കഫേ ഒരുക്കുന്നത്. മില്ലറ്റ് ചോറ്, ഉപ്പുമാവ്, കഞ്ഞി, മില്ലറ്റ് ഷെയ്ക്ക്, മില്ലറ്റ് റോൾ, സ്പ്രിംഗ് റോൾ, കട്ട്ലറ്റ്, സമൂസ, മോമോസ്, റാഗി അട, കൊഴുക്കട്ട, റാഗി നെയ്യപ്പം, മില്ലറ്റ് പായസം പായസം എന്നിവയാണ് മെനുവിലുള്ളത്. പായസത്തിനും കഞ്ഞിക്കുമാണ് ആവശ്യക്കാരേറെയുള്ളത്. റാഗി, മണിചോളം, ചാമ, കമ്പ്, തിന, വരഗ്, പനിവരഗ്, തിരവാലി, മലഞ്ചാമ, കുതിരവാൽ തുടങ്ങിയ ചെറുധാന്യങ്ങളുപയോഗിച്ചാണ് ഭക്ഷണങ്ങൾ തയ്യാറാക്കുന്നത്.

മില്ലറ്റ് കഞ്ഞിക്ക് 70 രൂപയും പായസത്തിന് കപ്പ് ഒന്നിന് 40 രൂപയും ചെറുകടികൾക്ക് 15 മുതൽ 30 രൂപ വരെയുമാണ് വില. രാവിലെ എട്ടുമുതൽ വൈകിട്ട് ആറുവരെയാണ് പ്രവർത്തനം. അത് രാത്രി പത്തുവരെയാക്കാനും, അഞ്ച് കിലോമീറ്റർ പരിധിയിൽ ഹോം ഡെലിവറി സേവനം ആരംഭിക്കാനും പദ്ധതിയുണ്ട്. എല്ലാ സഹായങ്ങളും നിർദേശങ്ങളും നൽകി ഏറ്റുമാനൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ടി. ജ്യോതിയും കൃഷി ഓഫീസർ ജ്യോത്സന കുര്യനും കഫേയ്ക്ക് ഒപ്പമുണ്ട്. ആരോഗ്യകരമായ ഭക്ഷണത്തോടൊപ്പം പാരമ്പര്യധാന്യങ്ങളുടെ പ്രാധാന്യം ജനങ്ങളിലെത്തിക്കുകയും കർഷകർക്ക് പുതിയ വരുമാന മാർഗങ്ങൾ സൃഷ്ടിക്കുകയുമാണ് ലക്ഷ്യമെന്ന് ജില്ലാ കൃഷി ഓഫീസർ സി. ജോ ജോസ് പറഞ്ഞു.

# ഇരിങ്ങാലക്കുട എഡ്യൂക്കേഷണൽ ഹബ്ബ് യാഥാർഥ്യമാകുന്നു

**ഇരിങ്ങാലക്കുട:** ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുടെ കേന്ദ്രങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഇരിങ്ങാലക്കുടയുടെ ഹൃദയഭാഗത്ത് എഡ്യൂക്കേഷണൽ ഹബ്ബ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും നിർമ്മാണം ഉടൻ ആരംഭിക്കുമെന്നും മന്ത്രി ബിന്ദു അറിയിച്ചു. 2025 സംസ്ഥാന ബജറ്റിൽ ആറ് കോടി രൂപ അനുവദിക്കപ്പെട്ട പദ്ധതിയുടെ പ്രാരംഭ പ്രവർത്തികൾ നേരത്തെ ആരംഭിച്ചിരുന്നു. ഇത് അന്തിമ ഘട്ടത്തിലാണ്. ഇരിങ്ങാലക്കുട പ്രൈവറ്റ് ബസ് സ്റ്റാന്റിനോട് ചേർന്ന് കിടക്കുന്ന ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് എഡ്യൂക്കേഷണൽ ഹബ്ബ് ഉയരുക.

പ്രൊഫെഷണൽ വിദ്യാഭ്യാസ രംഗത്തെ പ്രധാന സ്ഥാപനമായ സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരള, അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം, കേരള ലാംഗ്വേജ് നെറ്റ് വർക്ക്, സംഗമഗ്രാമ മാധവൻ പഠന ഗവേഷണ കേന്ദ്രം, അച്ചടി പഠന രംഗത്തെ സർക്കാർ സ്ഥാപനമായ സി ആപ്റ്റ്, നിർദ്ദിഷ്ട സ്ഥലത്ത് പ്രവർത്തിച്ചു വരുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് എന്നീ സ്ഥാപനങ്ങളാണ് ആദ്യഘട്ടത്തിൽ ഇരിങ്ങാലക്കുട എഡ്യൂക്കേഷണൽ ഹബ്ബിൽ പ്രവർത്തനം ആരംഭിക്കുക എന്ന് ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി പറഞ്ഞു. എഡ്യൂക്കേഷണൽ ഹബ്ബ് നിർമ്മാണത്തിന്റെ നോഡൽ ഓഫീസർ പി സുരേഷ്, ആർ. ഇന്ദുലാൽ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ബേപ്പൂർ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി നിലവിൽ വന്നു

**കോഴിക്കോട്:** ബേപ്പൂർ മണ്ഡലത്തിലെ ടൂറിസം കേന്ദ്രങ്ങളെ സംസ്ഥാനദേശീയ ശ്രദ്ധയാകർശിക്കുംവിധം കൂടുതൽ പ്രചാരം നേടുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമെന്ന് പൊതുമരാമത്ത്ടൂറിസം വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ്. സർക്കാർ തലത്തിൽ രൂപീകരിച്ച ബേപ്പൂർ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റിയുടെ (ഡിഎംസി) ആദ്യ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

മണ്ഡലത്തിലെ ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പാക്കുന്നതിനായി അതത് പ്രദേശത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്രത്യേക പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. വിദ്യാർഥികളെ പങ്കാളികളാക്കി ശുചിത്വ ബോധവത്കരണവും ക്യാമ്പയിനുകളും ഡിഎംസിക്കു കീഴിൽ നടത്തുമെന്നും മന്ത്രി പറഞ്ഞു.

ബേപ്പൂർ നിയോജകമണ്ഡലത്തിലെ ടൂറിസം വികസനം ഏകോപിപ്പിച്ച് ശാസ്ത്രീയമായ നടത്തിപ്പ് ലക്ഷ്യമിട്ട് രൂപീകരിച്ച ഡിഎംസിയുടെ പ്രവർത്തനങ്ങൾക്ക് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ആദ്യ യോഗത്തോടെ ഔദ്യോഗിക തുടക്കമായി. സ്ഥലം എംഎൽഎ കൂടിയായ മന്ത്രിയാണ് പുതുതായി രൂപീകരിച്ച ഡിഎംസി ചെയർമാൻ. ടൂറിസം വികസനത്തിൽ വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനവും പ്രാദേശിക ഭരണകൂടങ്ങളുടെ സജീവ പങ്കാളിത്തവും ഉറപ്പാക്കേണ്ടതിന്റെ പ്രാധാന്യം യോഗത്തിൽ ചർച്ചയായി.

ബേപ്പൂരിനെ ഉത്തരവാദിത്തപരവും സുസ്ഥിരവുമായ പ്രധാന ടൂറിസം കേന്ദ്രമായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും തീരുമാനിച്ചു.

ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി സിഇഒയും ഡിടിപിസി സെക്രട്ടറിയുമായ ഡോ. ടി നിഖിൽദാസ് റിപ്പോർട്ട് അവതരിപ്പിച്ചു. വൈസ് ചെയർമാൻ ഒ ഭക്തവത്സലൻ, ജനപ്രതിനിധികൾ, ജില്ലയിലെ വിവിധ വകുപ്പ് മേധാവികൾ തുടങ്ങിയവർ സംസാരിച്ചു.

# തൃശൂർ സജ്ജം സംസ്ഥാന സ്കൂൾ കലോത്സവം 14 മുതൽ

**തൃശൂർ:** 64 മത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് ആതിഥേയത്വം വഹിക്കുന്ന തൃശ്ശൂർ ജില്ലയിലെ ഒരുക്കങ്ങൾ പൂർത്തിയായെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി. തൃശ്ശൂർ രാമനിലയം ഗസ്റ്റ് ഹൗസിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. 2026 ജനുവരി 14 മുതൽ 18 വരെ ജില്ലയിൽ 25 വേദികളിലായി 249 മത്സരയിനങ്ങളിൽ വിദ്യാർത്ഥികൾ മത്സരിക്കും. തേക്കിൻകാട് മൈതാനത്തെ എക്സിബിഷൻ ഗ്രൗണ്ടാണ് പ്രധാനവേദി. 14ന് രാവിലെ 10 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ കലോത്സവത്തിന്റെ ഉദ്ഘാടനം നിർവഹിക്കും.

ജനുവരി 9ന് വൈകിട്ട് ലഹരിക്കെതിരെ വിദ്യാർത്ഥികളുടെ പ്രതിരോധ ശൃംഖല സൃഷ്ടിക്കുന്നതോടെ 64 മത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് തുടക്കമാകും. ജില്ലയിലെ വിവിധ വിദ്യാലയങ്ങളിൽ നിന്ന് 10000 ത്തോളം വിദ്യാർത്ഥികൾ ലഹരിക്കെതിരെയുള്ള പ്രതിരോധശൃംഖലയിൽ പങ്കുചേരും.

സ്വർണക്കപ്പ് 12,13 തീയതികളിൽ ജില്ലയിലെ വിവിധ നിയോജക മണ്ഡലങ്ങളിൽ സ്വീകരിച്ച് 13 ന് വൈകീട്ട് മൂന്നരയോടുകൂടി ടൗൺഹാളിൽ സ്വർണ കപ്പിന് സ്വീകരണം നൽകും. ആയിരത്തോളം വിദ്യാർത്ഥികൾ, എൻസിസി, എൻഎസ്എസ്, എസ് പി സി കേഡറ്റുകൾ എന്നിവരുടെ അകമ്പടിയോടുകൂടിയാണ് ടൗൺ ഹാളിൽ സ്വർണക്കപ്പ് സ്വീകരിക്കുക.

കലോത്സവത്തിന്റെ 25 വേദികൾക്കും പല ശ്രേണിയിൽപെടുന്ന ഗന്ധമുള്ള പൂക്കളുടെ പേരാണ് നൽകിയിട്ടുള്ളത്. ഉത്തരവാദിത്വ കലോത്സവം എന്നതാണ് ഇത്തവണത്തെ കലോത്സവത്തിന്റെ ആപ്തവാക്യം.

25 വേദികളിലും ആംബുലൻസ്, കുടിവെള്ളം എന്നിവ സജ്ജമാക്കും. നഗരത്തിനു ചുറ്റുമുള്ള 20 സ്കൂളുകളിലാണ് താമസസൗകര്യം ഒരുക്കിയിട്ടുള്ളത്. എല്ലാ വേദികളിലും താമസസൗകര്യം ഒരുക്കിയ സ്കൂളുകളിലും പോലീസ് നിരീക്ഷണം ഉണ്ടാകും. ശുചിമുറി, ടോയ്ലറ്റ് എന്നിവ ഒരുക്കും. ജലലഭ്യത ഉറപ്പു വരുത്തും.

ഓരോ മത്സര ഇനത്തിന്റെയും ഫലം ഉടനെ തന്നെ സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

ഇത്തവണത്തെ സ്വാഗത ഗാനം ബി.കെ ഹരിനാരായണനാണ് ചിട്ടപ്പെടുത്തിയിട്ടുള്ളത്. കലാമണ്ഡലത്തിന്റെ നേതൃത്വത്തിൽ അവതരണം ഉണ്ടാകും. കലോത്സവത്തിന്റെ തീം സോങ് പാലക്കാട് പൊറ്റശ്ശേരി സ്കൂളിലെ വിദ്യാർഥികളാണ് ഒരുക്കിയത്. പൂർണ്ണമായും ഹരിതചട്ടം പാലിച്ചുകൊണ്ടുള്ള 'ഹരിത കലോത്സവം' ആയിരിക്കും ഉണ്ടാവുക.

വിദ്യാർത്ഥി സൗഹൃദമാക്കി സംസ്ഥാന സ്കൂൾ കലോത്സവത്തെ മാറ്റുന്നതിനുള്ള എല്ലാ തയ്യാറെടുപ്പുകളും സജ്ജമായിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

ജനുവരി 14 ന് രാവിലെ 9 മണിക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ പതാക ഉയർത്തുന്നതോടെ കലോത്സവത്തിന് ഔദ്യോഗിക തുടക്കമാകും.

തൃശൂരിന്റെ പൂരപ്രൗഢി വിളിച്ചോതുന്ന രീതിയിൽ ഇലഞ്ഞിത്തറ മേളവും, 64ാം കലോത്സവത്തെ സൂചിപ്പിച്ചുകൊണ്ട് 64 കുട്ടികൾ അണിനിരക്കുന്ന വർണ്ണാഭമായ കുടമാറ്റവും നടക്കും.

പൊതുവിദ്യാഭ്യാസതൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടി ചടങ്ങിൽ അധ്യക്ഷത വഹിക്കും.

സ്വാഗത സംഘം ചെയർമാൻ കൂടിയായ റവന്യൂ മന്ത്രി കെ രാജൻ സ്വാഗതം ആശംസിക്കും. മന്ത്രി ആർ ബിന്ദു, കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി, മറ്റ് മന്ത്രിമാർ, എം.എൽ.എമാർ, മേയർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, സിറ്റി പോലിസ് കമ്മീഷണർ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിക്കും.

ചടങ്ങിൽ 'ഉത്തരവാദിത്വ കലോത്സവം' സംബന്ധിച്ച വിശദീകരണം പൊതുവിദ്യാഭ്യാസ സെക്രട്ടറി ഡോ. കെ വാസുകി ഐ.എ.എസ് നൽകും. ഉദ്ഘാടന വേദിയിൽ പതിനായിരത്തോളം കുട്ടികളെയാണ് പ്രതീക്ഷിക്കുന്നത്.

മന്ത്രിമാരായ കെ. രാജൻ, ഡോ. ആർ. ബിന്ദു, പൊതുവിദ്യാഭ്യാസ ഡയറക്ടർ എൻ.എസ്.കെ. ഉമേഷ്, പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ ( ജനറൽ )ആർ.എസ്. ഷിബു എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# സംസ്ഥാന സ്കൂൾ കലോത്സവം: ഒരുക്കങ്ങൾ വിലയിരുത്തി

**തൃശൂർ:** സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി ജില്ലയിലെ എല്ലാ വിദ്യാലയങ്ങളിലെയും പ്രിൻസിപ്പൽമാർ, പി.ടി.എ പ്രസിഡന്റുമാർ, മാനേജ്മെന്റ് പ്രതിനിധികൾ എന്നിവരുടെ യോഗം ടൗൺ ഹാളിൽ ചേർന്നു. ജനുവരി 14 മുതൽ 18 വരെ തൃശൂരിലെ വിവിധ വേദികളിലായാണ് സംസ്ഥാന സ്കൂൾ കലോത്സവം നടക്കുക.

മന്ത്രി ആർ. ബിന്ദുവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി, റവന്യൂ, ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ. രാജൻ എന്നിവർ നേതൃത്വം നൽകി.

കലോത്സവം വിജയകരമായി നടത്തുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും പി.ടി.എയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി യോഗങ്ങൾ ചേരണമെന്ന് നിർദേശം നൽകി.

യോഗത്തിൽ പ്രോഗ്രാം കമ്മിറ്റി ചെയർപേഴ്സൺ എ.സി. മൊയ്തീൻ എം.എൽ.എ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എൻ.എസ്.കെ. ഉമേഷ്, അഡീഷണൽ ഡയറക്ടർ ആർ.എസ്. ഷിബു, ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ പി.എം. ബാലകൃഷ്ണൻ, ഡി.ഇ.ഒ, എ.ഇ.ഒ തുടങ്ങിയ ഉദ്യോഗസ്ഥർ പങ്കെടുത്തു.

കലോത്സവം സുഗമമായി നടത്തുന്നതിനായി രൂപീകരിച്ച 19 സബ് കമ്മിറ്റി കൺവീനർമാരുടെ യോഗം രാമനിലയത്തിൽ ചേർന്നു. ഓരോ കമ്മിറ്റിയുടെയും പ്രവർത്തനം മന്ത്രിമാർ വിലയിരുത്തി. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷത വഹിച്ചു. മന്ത്രിമാരായ കെ. രാജൻ, ആർ. ബിന്ദു എന്നിവർ യോഗത്തിൽ പങ്കെടുത്തു.

ഓട്ടോറിക്ഷ തൊഴിലാളികൾ, ട്രേഡ് യൂണിയൻ നേതാക്കൾ, ഹോട്ടൽ റെസ്റ്റോറന്റ് ഉടമകൾ, വിദ്യാർത്ഥിയുവജന സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ, വ്യാപാരി വ്യവസായി സംഘടനകൾ, ചേംബർ ഓഫ് കൊമേഴ്സ് പ്രതിനിധികൾ എന്നിവരുടെ യോഗവും രാമനിലയത്തിൽ ചേർന്നു.

## പ്രവാസികൾക്ക് നോർക്കയുടെ സൗജന്യ റസിഡൻഷ്യൽ സംരംഭകത്വ പരിശീലനം

**കൊച്ചി:** പ്രവാസികൾക്കും തിരിച്ചെത്തിയ പ്രവാസികൾക്കും കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കാൻ നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്ററിന്റെ (എൻബിഎഫ്സി) ആഭിമുഖ്യത്തിൽ മൂന്ന് ദിവസത്തെ സൗജന്യ റസിഡൻഷ്യൽ സംരംഭകത്വ പരിശീലനം സംഘടിപ്പിക്കും. എറണാകുളം കളമശ്ശേരിയിൽ പ്രവർത്തിക്കുന്ന വ്യവസായ വാണിജ്യ വകുപ്പിന് കീഴിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് ക്യാമ്പസിലാണ് പരിശീലനം. പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ ഒരുങ്ങുന്നവർക്കും ഇതിനകം ആരംഭിച്ചവർക്കുമാണ് ഓരോ മാസവും പരിശീലനം നൽകുക. താൽപര്യമുള്ളവർ ജനുവരി 10ന് മുമ്പ് എൻബിഎഫ്സിയിൽ ഇമെയിൽ/ ഫോൺ മുഖേന പേര് രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 04712770534, 8592958677 നമ്പറുകളിലോ nbfc.coordinator@gmail.com ലോ പ്രവൃത്തി ദിനങ്ങളിൽ ബന്ധപ്പെടാം.

## പ്രബന്ധ രചന മത്സരം

**കോഴിക്കോട്:** വനിതശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ജെൻഡർ പാർക്കിന്റെ നേതൃത്വത്തിൽ 'ഡ്രൈവിങ് സീറ്റിലെ വനിതകൾ സഞ്ചാരം, സ്വാതന്ത്ര്യം, ശാക്തീകരണം' എന്ന വിഷയത്തിൽ പ്രബന്ധ രചന മത്സരം സംഘടിപ്പിക്കും. 1500 മുതൽ 3000 വരെ വാക്കുകൾ ഉൾക്കൊള്ളുന്ന പൂർണമായി മലയാളത്തിലുള്ളതും മുമ്പ് പ്രസിദ്ധീകരിക്കാത്തതുമായ സ്ത്രീകളുടെ ലേഖനങ്ങളാണ് മത്സരത്തിന് പരിഗണിക്കുക. രചയിതാവിന്റെ പേരും ബന്ധപ്പെടാനുള്ള വിവരങ്ങളും മറ്റൊരു പേപ്പറിൽ ലേഖനത്തിനൊപ്പം സമർപ്പിക്കണം.

ലേഖനങ്ങൾ സ്റ്റാൻഡേർഡ് ഡിജിറ്റൽ ഫോർമാറ്റിൽ (വേർഡ്, എക്സൽ, പി.ഡി.എഫ്), ഇരട്ട സ്പേസ്, മീര ഫോണ്ട് എന്നിവ ഉപയോഗിച്ച് തയാറാക്കി മെയിലായും ജെൻഡർ പാർക്ക്, സോഷ്യൽ ജസ്റ്റിസ് കോംപ്ലക്സ്, വെള്ളിമാടുകുന്ന്, കോഴിക്കാട് 673012 എന്ന വിലാസത്തിൽ പോസ്റ്റലായും ജനുവരി 30ന് മുമ്പ് സമർപ്പിക്കണം. ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 8000, 5000, 3000 രൂപ വീതം സമ്മാനമായി നൽകും. മികച്ച ലേഖനങ്ങൾ പുസ്തക രൂപത്തിൽ അച്ചടിക്കും.

# പൈനാപ്പിൾ കൃഷി കേരളത്തിന് പ്രതീക്ഷ

സ്വർഗീയ ഫലം എന്നറിയപ്പെടുന്ന ഉഷ്ണമേഖലാ പഴവർഗമാണ് കൈതച്ചക്ക. 1493ൽ കൊളംബസ് അമേരിക്ക കണ്ടുപിടിച്ചതിനുശേഷമാണ് കൈതച്ചക്കയെ കുറിച്ച് പുറംലോകമറിയുന്നത്.

ബ്രസീലിന്റെ തെക്കുവടക്ക് ഭാഗങ്ങളിലും വടക്കൻ അർജൻറീനയിലും പരാനപരാഗ്വേ എന്നിവിടങ്ങളിലുമാണ് കൈതച്ചക്ക ഉത്ഭവിച്ചതെന്നാണ് ശാസ്ത്രനിഗമനം. 550കളിൽ പോർച്ചുഗീസുകാരാണ് ഇന്ത്യയിലേക്കു കൈതച്ചക്ക എത്തിച്ചത്. രണ്ടു പതിറ്റാണ്ടായി കേരളത്തിൽ കൈത കൃഷിക്ക് പ്രചാരമേറുകയാണ്. നിലവിൽ സംസ്ഥാനത്ത് അറുപതിനായിരം ഹെക്ടറിൽ കൈതകൃഷിയുണ്ട്. ഓരോ വർഷവും ആറു ലക്ഷം ടൺ പൈനാപ്പിൾ വിളയിക്കുന്നതിലൂടെ ഇപ്പോൾ വരുമാനം വരുമാനം രണ്ടായിരം കോടി രൂപ.

പൈനാപ്പിൾ സിറ്റി എന്നറിയപ്പെടുന്ന വാഴക്കുളം വഴിയാണ് കേരളത്തിന്റെ പൈനാപ്പിൾ പെരുമ വണ്ടി കയറുന്നത്. ഭൗമസൂചകാ പദവി ലഭിച്ച വാഴക്കുളം പൈനാപ്പിളിന്റെ മണവും രുചിയും വലിപ്പവുമാണ് ഇതിനെ വ്യത്യസ്തമാക്കുന്നത്.

പ്രാദേശിക വിപണിക്കു പുറമേ വടക്കേ ഇന്ത്യയാണ് പൈനാപ്പിളിന്റെ പ്രധാന വിൽപനകേന്ദ്രം. എ, ബി, സി, ഡി എന്നീ ഗ്രേഡുകളിലാണ് വിപണനം. ഒരു കിലോയ്ക്ക് മുകളിലുള്ള ചക്കകളാണ് എ ഗ്രേഡ്. 600 ഗ്രാം മുതൽ ഒരു കിലോവരെ ബി ഗ്രേഡും അതിനുതാഴെ സി, ഡി ഗ്രേഡുകളും.

ഗ്രേഡ് അനുസരിച്ചാണ് വില. ഏക്കറിന് ഒൻപതിനായിരം തൈകളാണ് നടുക. 12 ടൺവരെ വിളവു കിട്ടും. ഒന്നാം വർഷം മുതൽ വിളവെടുക്കാം. നട്ടാൽ മൂന്നുവർഷം വരെ തുടരെ വിളവെടുക്കാം.

പൈനാപ്പിൾ കൃഷിയിലേക്ക് കർഷകർ ആകർഷിക്കപ്പെടുന്നതിന്റെ കാരണം വരുമാനം പെട്ടെന്ന് ലഭിക്കുമെന്നതാണ്. ഇന്ത്യൻ മാർക്കറ്റിലേക്കുപോലും ആവശ്യത്തിന് പൈനാപ്പിൾ നൽകാൻ നിലവിൽ സാധിക്കുന്നില്ല.

ഗൾഫ് രാജ്യങ്ങളിലേക്ക് കപ്പൽ മാർഗവും പരീക്ഷണാടിസ്ഥാനത്തിൽ പൈനാപ്പിൾ കയറ്റി അയച്ചു തുടങ്ങിയിട്ടുണ്ട്. വാഴക്കുളത്ത് നിന്ന് ഒമാനിലേക്കാണ് പൈനാപ്പിൾ കയറ്റി അയച്ചത്.

കപ്പലിൽ ചെലവ് കിലോ 20 രൂപ മാത്രം. പരീക്ഷണം വിജയിച്ചാൽ ഗൾഫിലേക്കുള്ള കയറ്റുമതിയിൽ വൻ കുതിച്ചുചാട്ടമുണ്ടാകും.

ക്യൂൻ എന്നറിയപ്പെടുന്ന ക്യൂ ഇനവും മൗറീഷ്യസ് ഇനവുമാണ് കേരളത്തിൽ കൂടുതലായി കൃഷി ചെയ്യുന്നത്. ഒരു ചെടിയിൽനിന്ന് ഒന്നാം വിളവെടുത്ത് കഴിഞ്ഞാൽ അതിൽനിന്ന് പൊട്ടിമുളക്കുന്ന തൈയിൽനിന്ന് പിന്നീടും വിളവെടുക്കാം.

ഇത്തരത്തിൽ പരമാവധി മൂന്ന് വർഷം വരെ വിളവ് ലഭിക്കും. അത്യുൽപാദനശേഷിയുള്ള എംഡി 2 ഇനം പോലുള്ള പുതിയ സാധ്യതകളിലേക്കു ഒരു വിഭാഗം കർഷകർ മാറിയിട്ടുണ്ട്. ഗോൾഡൻ റൈപ്, സൂപ്പർ സ്വീറ്റ് എന്നെല്ലാം വിശേഷണമുള്ള എംഡി 2 വിന് പൈനാപ്പിൾ വിപണിയിൽ വലിയ മൂല്യമുണ്ട്.

മൗറീഷ്യസ് ഇനം പാകമായാൽ അപ്പോൾതന്നെ വിളവെടുക്കണം. വിപണി അനുകൂലമല്ലെങ്കിൽ നഷ്ടം വരുത്തും. ഇത് വരുമാനത്തെയും കയറ്റുമതിയെയും ബാധിക്കും.

മൗറീഷ്യസിനേക്കാൾ കൂടുതൽ സൂക്ഷിപ്പുകാലമുള്ള എംഡി 2 ഇനം കൂടി കൃഷി ചെയ്യാനായാൽ കയറ്റുമതി വിപണി കൂടി പ്രയോജനപ്പെടുത്താനാകുമെന്നതാണ് നേട്ടം. സിലിണ്ടർ ആകൃതിയുള്ള എംഡി 2വിന്റെ മൂല്യവർധന എളുപ്പമാണ്.



മൗറീഷ്യസിന്റെ തൊലിക്കു താഴെയുള്ള കണ്ണിന് ആഴം കുടുതലായതിനാൽ കൂടുതൽ കനത്തിൽ തൊലി ചെത്തി നീക്കേണ്ടിവരും. എംഡി 2വിന് അതു കുറവയതിനാൽ തൊലി നീക്കുമ്പോൾ നഷ്ടം 30 ശതമാനം വരെ കുറയും. രുചിയിലും മധുരത്തിലും എംഡി 2 ഏറെ മെച്ചവുമാണ്. മൗറീഷ്യസ് ഇനം കാനി നട്ട് 12 മാസം പിന്നിടുന്നതോടെ ആദ്യ വട്ടം വിളവെടുപ്പു നടക്കും. എംഡി 2 ഇനത്തിനത് 18 മാസം വരെയെടുക്കും. മുളയ്ക്കുന്ന കാനികളുടെ എണ്ണവും കുറവായിരിക്കും. ഇതും കർഷകരെ പിന്തിരിപ്പിക്കുന്ന ഘടകമാണ്. അതേസമയം എംഡി 2 കൃഷി വ്യാപകമായാൽ ഈ പ്രശ്നങ്ങളൊക്കെ പരിഹരിക്കാനാകും. മൗറീഷ്യസ് ഇനം ഏക്കറിൽ 10,000 തൈകളാണ് നടുന്നത്. എന്നാൽ മുള്ളില്ലാത്ത ഇനമായ എംഡി 2 കൂടുതൽ അടുപ്പിച്ച് 18,000-25,000 വരെ തൈകൾ നടാം. അത്തരത്തിൽ ഉൽപാദനവും ഇരട്ടിയാകും.

# കുറഞ്ഞ ചെലവിൽ മൾബറികൃഷി

വർഷങ്ങളായി മലയാളികൾക്ക് ഏറെ സുപരിചിതമായ കൃഷിയാണ് മൾബറി. ഇതിന്റെ ഇലകൾ പട്ടുനൂൽ നിർമാണത്തിനു ഉപയോഗിക്കുന്നു. ഒരുപാട് പോഷക ഗുണങ്ങളും മൾബറി പഴത്തിനുണ്ട്. മൾബറിയുടെ ഇലകളാണ് പട്ടുനൂൽ പുഴുവിന്റെ പ്രധാന ഭക്ഷണം. ചൈനയിൽ നിന്നാണ് മൾബറി കൃഷി ഇന്ത്യയിലേക്കും മറ്റ് ഏഷ്യൻ രാജ്യങ്ങളിലേക്കും എത്തിയത്. പട്ടുനൂൽ ഉൽപാദകരാണ് ഈ കൃഷി വ്യാപകമായി തുടങ്ങിയത്. അതേസമയം, ഇതിന്റെ പഴങ്ങൾ മറ്റു നിരവധി ഉൽപന്നങ്ങൾ നിർമിക്കാനും ഉപയോഗിക്കുന്നു.

ഔഷധ, പോഷകഗുണങ്ങളുള്ള മൾബറിപ്പഴങ്ങൾ കുട്ടികൾക്കാണ് ഏറെ ഇഷ്ടം. വൈറ്റമിനുകൾ (സി, കെ, ഇ), പൊട്ടാസ്യം, മഗ്നീഷ്യം, നിരോക്സീകാരികൾ എന്നിവ മൾബറി പഴത്തിൽ അടങ്ങിയിരിക്കുന്നു. കൊളസ്ട്രോൾ, വിശേഷിച്ചും ചീത്ത കൊളസ്ട്രോൾ കുറയ്ക്കാൻ സഹായകം. കണ്ണിന്റെയും ഹൃദയത്തിന്റെയും ആരോഗ്യം സംരക്ഷിക്കും, രക്തസമ്മർദം നിയന്ത്രിക്കും, രോഗപ്രതിരോധശേഷി വർധിപ്പിക്കും. യുവത്വം നിലനിർത്താനും സഹായകം. മൾബറി ഇലകൊണ്ടുള്ള ചായയ്ക്കും ഏറെ ഔഷധഗുണമുണ്ട്. പക്ഷേ, ആരോഗ്യവിദഗ്ധരുടെ നിർദേശപ്രകാരം മാത്രമേ ഉപയോഗിക്കാവൂ. മൾബറിയിൽനിന്ന് ജാം, ജെല്ലി, വൈൻ, ഷെയ്ക്ക്, സിറപ്പ്, ഇലച്ചായ തുടങ്ങി ഒട്ടേറെ മൂല്യവർധിത ഉൽപന്നങ്ങൾ നിർമിക്കാം. ഔഷധ, സൗന്ദര്യവർധക ഉൽപന്നങ്ങളുടെ നിർമാണത്തിലും മൾബറി ഉപയോഗിച്ചുവരുന്നു.



വലിയ പരിചരണമൊന്നും കൂടാതെ മൾബറി നട്ടുവളർത്താം. ഏതു കാലാവസ്ഥയിലും വളരും. ഇലകൾ നല്ല കാലിത്തീറ്റയാണ്. മൾബറി ഇല പട്ടുനൂൽപ്പുഴുവിന്റെ ആഹാരമായതിനാൽ ആരംഗത്തും ഉപയോഗമുണ്ട്. മോറേസിയേ കുടുംബത്തിൽപ്പെട്ട മൾബറിക്ക് ബ്ലാക്ക്ബെറിയോട് സാമ്യമുണ്ട്. ചുവപ്പ്, വെളുപ്പ്, കറുപ്പ് എന്നിങ്ങനെ പല നിറത്തിൽ പഴങ്ങളുള്ള മൾബറിയിനങ്ങളിൽ 70 അടിവരെ ഉയരത്തിൽ വളരുന്നവയുണ്ട്. നല്ല സൂര്യപ്രകാശം ലഭിക്കുന്ന സ്ഥലമാണ് വളർച്ചയ്ക്കു നല്ലത്. വളക്കൂറും നീർവാർച്ചയും ഈർപ്പവുമുള്ള മണ്ണാണ് യോജ്യം.

ഒരു വർഷം പ്രായമായ മരത്തിൽനിന്ന് 10-12 സെ.മീ. നീളമുള്ള കമ്പുകൾ മുറിച്ചെടുത്ത് നടീൽവസ്തുവായി ഉപയോഗിക്കാം. രോഗ-കീടബാധയില്ലാത്ത, ആരോഗ്യമുള്ള, നല്ല വിളവു തരുന്ന മരത്തിൽനിന്നു വേണം നടീൽകമ്പ് ശേഖരിക്കാൻ. ട്രൈക്കോഡെർമ സമ്പുഷ്ട ചാണകം ചേർത്ത മണ്ണുമിശ്രിതത്തിൽ വേണം കമ്പുകൾ നടാൻ. 2 ആഴ്ച കൊണ്ട് കമ്പുകൾ വേരുപിടിച്ചു തളിർത്തുവരും. നിലമൊരുക്കി കുഴിയെടുത്ത് ട്രൈക്കോഡെർമ സമ്പുഷ്ട ചാണകം, എല്ലുപൊടി, വേപ്പിൻപിണ്ണാക്ക് എന്നി വ നിറച്ച് ഒരാഴ്ചയ്ക്കുശേഷം അതിൽ അൽപം വാം കൂടി ചേർത്തശേഷം അതിൽ കമ്പു നടുക. പുളിപ്പിച്ച പിണ്ണാക്ക് നേർപ്പിച്ചതും കാലിവളവും മാസത്തിലൊരിക്കൽ നൽകാം. എൻപികെ വളം 5 ഗ്രാം ഒരു ലീറ്റർ വെള്ളത്തിൽ വർഷത്തിൽ 4 പ്രാവശ്യം തളിക്കുക.

കമ്പുകൾ നട്ടാൽ 4-5 മാസങ്ങൾക്കുള്ളിൽ കായ്ക്കുമെങ്കിലും ഒരു വർഷം പ്രായമെത്തിയ ശേഷം മാത്രമേ കായ്ക്കാൻ അനുവദിക്കാവൂ. കായ്കൾ എളുപ്പത്തിൽ വിളവെടുക്കാൻ പാകത്തിന് കമ്പുകൾ വെട്ടി നിർത്തണം. ഉണങ്ങിയതും കീട, രോഗബാധയേറ്റതുമായ കമ്പുകൾ വെട്ടിമാറ്റണം.



# പതിനെട്ട് കാരറ്റ് സ്വർണത്തിനു ഡിമാൻഡ് കൂടുന്നു

**കോട്ടയം:** സ്വർണവില ലക്ഷപ്രഭയിൽ മിന്നിത്തിളങ്ങുമ്പോൾ ജനങ്ങൾ സ്വർണത്തോട് അകലം പാലിക്കുകയല്ല, ആകാവുന്ന രീതിയിലൊക്കെ അടുക്കാൻ നോക്കുകയാണെന്ന് റിപ്പോർട്ട്.

സ്വർണവില ലക്ഷവും പിന്നിട്ട് കുതിക്കുമ്പോൾ ഉള്ളിൽ ആഹ്ലാദം കൊള്ളുന്നവരാണ് സ്ത്രീജനങ്ങളെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു. പ്രത്യേകിച്ച് തെക്കെ ഇന്ത്യയിലെ വീട്ടമ്മമാരും സ്ത്രീകളും. കേരളം, തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിലാണ് സ്വർണത്തെ പ്രിയപ്പെട്ട ആഭരണങ്ങളായി സ്വന്തമാക്കിയവരും പാരമ്പര്യമായി കൈമാറിക്കിട്ടിയവരും ഏറെ.

ശരാശരി അഞ്ചു പവന്റെ ആഭരണങ്ങളെങ്കിലും സ്വന്തമായിട്ടുള്ളവരാണ് സാധാരണ കുടുംബങ്ങളിലെ സ്ത്രീകൾ പോലും. ഏറ്റവും വലിയ കരുതലും സന്പാദ്യവുമായിട്ടാണ് അവരിൽ പലരും സ്വർണാഭരണങ്ങളെ പരിഗണിക്കുന്നത്. എന്തൊക്കെ നഷ്ടമായാലും സ്വർണം നഷ്ടമാകാതിരിക്കാൻ ശ്രദ്ധിക്കുന്നവരാണ് ഇന്ത്യൻ സ്ത്രീകൾ. ലോകത്തിലെ ആകെ സ്വർണത്തിന്റെ 11 ശതമാനം ഇന്ത്യൻ സ്ത്രീകളുടെ കൈവശമാണെന്നാണ് ഒരു റിപ്പോർട്ട് പറയുന്നത്. ഏകദേശം 24,000 ടൺ സ്വർണമാണ് ഇന്ത്യൻ സ്ത്രീകൾ ആഭരണങ്ങളായി സൂക്ഷിച്ചിട്ടുള്ളതത്രേ. ഇപ്പോൾ സ്വർണവിലയിൽ കുതിപ്പുണ്ടാകുമ്പോൾ കൈയിലിരിക്കുന്ന ആഭരണങ്ങൾക്കും സമ്പാദ്യത്തിനും മൂല്യം കുതിക്കുന്നുവെന്നതാണ് അവർക്ക് ആഹ്ലാദം പകരുന്നത്.

വില കുതിക്കുമ്പോൾ ജനങ്ങൾ സ്വർണത്തോടു കൂടുതൽ അകലം പാലിക്കുമെന്നു കരുതുന്നവരുണ്ടെന്നും എന്നാൽ സത്യത്തിൽ വിവേകപൂർണമായ തെരഞ്ഞെടുപ്പോടെ ആളുകൾ കൂടുതൽ സ്വർണത്തിലേക്ക് അടുക്കുന്ന പ്രവണതയാണ് ദൃശ്യമാകുന്നത്. 22 കാരറ്റ് സ്വർണത്തിൽനിന്ന് 18 കാരറ്റ് സ്വർണത്തിലേക്കുള്ള മാറ്റം കണ്ടുതുടങ്ങിയിട്ടുണ്ട്. ഇതുവഴി ഒരു ഗ്രാമിൽത്തന്നെ 2300 രൂപയോളം വ്യത്യാസം വരും. ഒരു പവനിൽ ഏതാണ്ട് 18,000 രൂപയുടെ കുറവ്.

2പെട്ടെന്നു കേടുവരുന്നവയല്ല 18 കാരറ്റ് സ്വർണാഭരണങ്ങൾ. പൊട്ടിപ്പോകൽ, ചളുക്കം, വളയൽ തുടങ്ങിയ പ്രശ്നങ്ങൾക്കു മുടക്കേണ്ടി വരുന്ന തുകയും ഇതുവഴി ലാഭിക്കാം. വിവാഹാവസരത്തിലും മറ്റും അല്പം പൊന്നിടണമെന്ന പെൺകുട്ടികളുടെ മോഹം അധികഭാരമില്ലാതെ സഫലമാക്കാനും 18 കാരറ്റ് സ്വർണത്തിലേക്കുള്ള മാറ്റം സഹായിക്കും.

സ്വർണവില മുകളിലേക്കു കുതിച്ചതോടെ ഇപ്പോൾ ലൈറ്റ് വെയ്റ്റ് ആഭരണങ്ങളോടും ആളുകൾക്കു പ്രിയമേറി.

കുറഞ്ഞ ചെലവിൽ പൊലിമയുള്ള ആഭരണങ്ങൾ സ്വന്തമാക്കാമെന്നതാണ് ലൈറ്റ് വെയ്റ്റ് ആഭരണങ്ങളുടെ സവിശേഷത. ആഭരണ നിർമാതാക്കളും ലൈറ്റ് വെയ്റ്റ് ആഭരണങ്ങളിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.



## മാഞ്ഞാലി ഹൽവ ബ്രാൻഡാക്കും: മന്ത്രി പി. രാജീവ്

**കരുമാലൂർ:** മാഞ്ഞാലി ഹൽവ എന്ന പേരിൽ പൊതുബ്രാൻഡ് വിപണിയിലിറക്കാൻ വ്യവസായ വകുപ്പ് തീരുമാനിച്ചതായി മന്ത്രി പി. രാജീവ്. മാഞ്ഞാലി ഹൽവയുടെ വൈവിധ്യവത്കരണവും പുതിയ സാധ്യതകളും തേടി വിളിച്ചുചേർത്ത യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കരുമാലൂർ പഞ്ചായത്ത് പ്രസിഡൻറ് ടി.എ. മുജീബ് അധ്യക്ഷത വഹിച്ചു. ഹൽവ ഉത്പാദകർക്കായി ക്ലസ്റ്റർ രൂപീകരിച്ച് വിപണന സാധ്യത വർധിപ്പിക്കും. മാഞ്ഞാലി ഹൽവയുടെ വിപണന സാധ്യതകൾ വിപുലീകരിക്കുന്നതിന് ഇന്ത്യൻ റെയിൽവേ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുമായും ഫ്ളിപ്കാർട്ട് അടക്കമുള്ള ഓൺലൈൻ വിതരണ കമ്പനികളുമായും ചർച്ച നടത്തും.

കുന്നുകരയിൽ നിർമാണം പൂർത്തിയാകുന്ന ഫുഡ് പാർക്ക് പ്രവർത്തനസജ്ജമാക്കുന്നതോടെ വിപണന സാധ്യതകൾ വർധിപ്പിക്കാനാകുമെന്നും മന്ത്രി പറഞ്ഞു. വ്യവസായ വകുപ്പ്, വനിതാ വികസന കോർപറേഷൻ, പിന്നാക്ക വികസന കോർപറേഷൻ എന്നിവയുടെ വിവിധ പദ്ധതികളെക്കുറിച്ചും സർക്കാർ സബ്സിഡികളെക്കുറിച്ചും യോഗത്തിൽ വിശദീകരിച്ചു.

## സ്കോഡ ഓട്ടോ ഇന്ത്യക്ക് വില്പനയിൽ 107 ശതമാനം കുതിപ്പ്

**കൊച്ചി:** ഇന്ത്യയിലെ ഇരുപത്തഞ്ചാം വർഷം ഏറ്റവും മികച്ച വളർച്ച കാഴ്ചവച്ച് സ്കോഡ ഓട്ടോ ഇന്ത്യ.

2025ൽ 72,665 കാറുകൾ വിറ്റഴിച്ച് വില്പനയിൽ മുൻവർഷത്തെ അപേക്ഷിച്ച് 107 ശതമാനം വളർച്ചയാണ് കമ്പനി കാഴ്ച വച്ചത്. 2024ൽ 35,166 കാറുകളാണ് വിറ്റത്.

കമ്പനിയുടെ കസ്റ്റമർ ടച്ച്പോയിൻറുകൾ 183 ഇടങ്ങളിലായി 325 എണ്ണമായതും പോയവർഷത്തെ ശ്രദ്ധേയ നേട്ടമാണ്. കൈലാഖ്, കോഡിയാക്, കുഷാഖ്, സ്ലാവിയ, ഒക്ടേവിയ ആർഎസ് എന്നീ മോഡലുകളെല്ലാം മികച്ച പ്രതികരണം നേടിയെന്ന് സ്കോഡ ഓട്ടോ ഇന്ത്യ ബ്രാൻഡ് ഡയറക്ടർ ആഷിഷ് ഗുപ്ത പറഞ്ഞു.

# ട്രെയിനുകളിൽ ബ്രാൻഡഡ് ഭക്ഷണം നൽകുന്നതിനു തുടക്കം

**തിരുവനന്തപുരം:** തെരഞ്ഞെടുത്ത വന്ദേഭാരത്, അമൃത് ഭാരത് എക്സ്പ്രസ് ട്രെയിനുകളിൽ ബ്രാൻഡഡ് ഭക്ഷണ സേവനം നൽകുന്നതു പരീക്ഷണ അടിസ്ഥാനത്തിൽ തുടക്കമായി. ഇന്ത്യൻ റെയിൽവേ കാറ്ററിംഗ് ആൻഡ് ടൂറിസം കോർപറേഷന്(ഐആർസിടിസി) തന്നെയാണു ഭക്ഷണ വിതരണത്തിന്റെ ചുമതല.

ഭക്ഷണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തലും യാത്രക്കാരുടെ സംതൃപ്തിയും ലക്ഷ്യമിട്ടുള്ള ഈ പരീക്ഷണത്തിൽ പ്രാദേശിക വിഭവങ്ങൾ ഉൾപ്പെടെ വൈവിധ്യമാർന്ന റസ്റ്ററൻറ് ഗുണനിലവാരത്തിലുള്ള മെനുവാണു നൽകുന്നത്.

ട്രെയിനുകളിലെ ഓൺ ബോർഡ് ഭക്ഷണത്തിന്റെ ഗുണനിലവാരം വർധിപ്പിക്കുന്നതിനു പ്രൂഫ് ഓഫ് കൺസപ്റ്റ് (പിഒസി) എന്ന പേരിലാണ് ഈ ഭക്ഷണ പരീക്ഷണം ആരംഭിച്ചിട്ടുള്ളത്. ഇതുവഴി ബ്രാൻഡഡ് ഫുഡ് ആൻഡ് ബിവറേജ് കമ്പനികൾ, മുന്തിയ റസ്റ്ററൻറ് ശൃംഖലകൾ, ഫ്ലൈറ്റ് കാറ്ററർമാർ എന്നിവർ യാത്രക്കാർക്ക് പുതിയതും ശുചിത്വമുള്ളതുമായ ഭക്ഷണം ട്രെയിനുകളിൽ വിതരണം ചെയ്തുതുടങ്ങി.

നിലവിൽ 12 വന്ദേ ഭാരത്, അമൃത് ഭാരത് എക്സ്പ്രസ് ട്രെയിനുകളിൽ ഭക്ഷണ പരീക്ഷണം ആരംഭിച്ചുകഴിഞ്ഞു. ഇതിൽ കേരളത്തിൽ സർവീസ് നടത്തുന്ന രണ്ട് വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകളും ഉൾപ്പെടും.

തിരുവനന്തപുരം മംഗലാപുരം, തിരുവനന്തപുരം കാസർഗോഡ് വന്ദേ ഭാരത് എക്സ്പ്രസുകളാണ് ഇവ. ഈ രണ്ട് ട്രെയിനുകളിലും പരീക്ഷണ അടിസ്ഥാനത്തിലുള്ള പുതിയ ഭക്ഷണ വിതരണം ഇന്നലെയാണ് തുടങ്ങിയത്.

കാസിനോ എയർ കാറ്ററേഴ്സ് ആൻഡ് ഫ്ലൈറ്റ് സർവീസസ് ആണ് ഈ ട്രെയിനുകളിൽ യാത്രക്കാർക്ക് ഉയർന്ന ഗുണനിലവാരമുള്ള ഭക്ഷണം വിളമ്പുക. രാജ്യത്ത് ഉടനീളം വിവിധ ട്രെയിനുകളിലായി പ്രതിദിനം 16.50 ലക്ഷം ഭക്ഷണപ്പൊതികളാണ് ഐആർസിടിസി നിലവിൽ യാത്രക്കാർക്ക് നൽകുന്നത്.



സൊസൈറ്റി ടുഡേ
SOCIETY TODAY



# ജനപ്രതിനിധികൾക്ക് സ്നേഹാദരം നൽകി മണപ്പുറം ഫിനാൻസ്

**വലപ്പാട്:** ക്രിസ്മസ്പുതുവൽസരാഘോഷങ്ങളുടെ ഭാഗമായി വലപ്പാട് എടത്തിരുത്തി ഗ്രാമ പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്ക് മണപ്പുറം ഫിനാൻസിന്റെ സ്നേഹാദരം. കമ്പനി ഹെഡ് ഓഫീസിൽ നടന്ന ചടങ്ങിൽ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വി പി നന്ദകുമാർ ജനപ്രതിനിധികളെ ആദരിച്ചു. വലപ്പാട്, എടത്തുരുത്തി ഗ്രാമ പഞ്ചായത്തുകളുടെ വികസനത്തിനുള്ള മണപ്പുറം ഫിനാൻസിന്റെ പിന്തുണ ഭാവിയിലും തുടരുമെന്ന് മുഖ്യ പ്രഭാഷണം നടത്തിയ വിപി. നന്ദകുമാർ ഉറപ്പുനൽകി. നിർധനർക്ക് വീട് വച്ച് നൽകുന്ന തടക്കമുള്ള വികസന പ്രവർത്തനങ്ങളെക്കുറിച്ച് യോഗം ചർച്ച ചെയ്തു.

മണപ്പുറം ഫൗണ്ടേഷൻ സിഇഒ ജോർജ്ജ് ഡി ദാസിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ വലപ്പാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മോഹനൻ മാഷ്, എടത്തിരുത്തി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബൈന പ്രദീപ്, വലപ്പാട് ഗ്രാമ പഞ്ചായത്ത് മുൻ പ്രസിഡന്റ് ഷാനിത ലെനിൻ, എടത്തിരുത്തി ഗ്രാമ പഞ്ചായത്ത് മുൻ പ്രസിഡന്റ് ടി കെ ചന്ദ്ര ബാബു എന്നിവർ സംസാരിച്ചു. മിഷാൽ കെ നസീം പ്രാർത്ഥന ചൊല്ലി. മണപ്പുറം ഫിനാൻസ് സീനിയർ പിആർഒ കെ എം അഷറഫ് സ്വാഗതവും ജനറൽ മാനേജരും ചീഫ് പിആർഒ യുമായ സനോജ് ഹെർബർട്ട് നന്ദിയും പറഞ്ഞു. കോർപറേറ്റ് കമ്മ്യൂണിക്കേഷൻ മേധാവി രാഹുൽ വിനായക് വാഡ്കെ ചടങ്ങ് നിയന്ത്രിച്ചു.




# ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ: പ്രമോ റൺ നടത്തി

**കൊച്ചി:** നാലാമത് ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണിനു മുന്നോടിയായി പ്രമോ റൺ നടത്തി.

ഫെഡറൽ ബാങ്ക് റീജണൽ ഹെഡും വൈസ് പ്രസിഡൻറുമായ ജോസ്മോൻ പി. ഡേവിഡ്, ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ റെയ്സ് ഡയറക്ടർ ഒളിമ്പ്യൻ ആനന്ദ് മെനസിസ്, ക്ലിയോ സ്പോർട്സ് ഡയറക്ടർ അനീഷ് പോൾ, ഓറഞ്ച് റണ്ണേഴ്സ് ക്ലബ് പ്രസിഡൻറ് കൃഷ്ണപ്രസാദ് എന്നിവർ ചേർന്ന് ഫ്ലാഗ് ഓഫ് ചെയ്തു.

ഓറഞ്ച് റണ്ണേഴ്സ് ക്ലബ്ബിന്റെ സഹകരണത്തോടെ നടന്ന പ്രമോ റണ്ണിൽ കേരളത്തിലെ പ്രമുഖ റണ്ണിംഗ് ക്ലബ്ബുകളായ ചേറായി റണ്ണേഴ്സ്, ഫോർട്ട് കൊച്ചി റണ്ണേഴ്സ്, മരട് റണ്ണേഴ്സ്, പനമ്പള്ളി നഗർ റണ്ണേഴ്സ്, ക്വീൻസ് വേ റണ്ണേഴ്സ്, റോയൽ റണ്ണേഴ്സ് ചോറ്റാനിക്കര, സോൾസ് ഓഫ് കൊച്ചിൻ, സ്റ്റേഡിയം റണ്ണേഴ്സ് തുടങ്ങിയവരും പങ്കാളികളായി.

മൂവ് വിത്ത് പർപ്പസ് എന്ന പ്രമേയത്തെ ആസ്പദമാക്കി സംഘടിപ്പിക്കുന്ന മാരത്തൺ ഫെബ്രുവരി എട്ടിന് കൊച്ചിയിൽ നടക്കും.




# ലുലു ഹാപ്പിനസ് അംഗങ്ങൾക്ക് ജനുവരി 7 മുതൽ ഓഫർ ലഭ്യമാകും

**കൊച്ചി:** 50 ശതമാനം വിലക്കുറവുമായി ലുലു ഓൺ സെയിലിന് ജനുവരി 8 ന് തുടക്കമാകും. ഓഫർ വിൽപ്പന ജനുവരി 11 വരെ നീണ്ട് നിൽക്കും. കൊച്ചി ലുലുമാളിലെ ലുലു സ്റ്റോറുകൾ, മരട് ഫോറം മാളിലെ ലുലു ഡെയ്‌ലി എന്നിവിടങ്ങളിലാണ് ഫ്ളാറ്റ് ഫിഫ്റ്റി സെയിൽ നടക്കുക. ഈ ദിവസങ്ങളിൽ രാവിലെ എട്ട് മുതൽ രാത്രി രണ്ട് വരെ ഇടപ്പള്ളി ലുലുമാളും ലുലു സ്റ്റോറുകളും തുറന്ന് പ്രവർത്തിക്കും. യേർലി ആക്സസ് വഴി ലുലു ലോയലിറ്റി ഹാപ്പിനസ് അംഗങ്ങൾക്ക് ലുലു ഫാഷൻ സ്റ്റോർ, ലുലു കണക്ട് എന്നിവിടങ്ങളിൽ ജനുവരി 7 മുതൽ ഷോപ്പിങ്ങ് നടത്താം.

ലുലു ഹൈപ്പർ മാർക്കറ്റ്, ലുലു ഫാഷൻ സ്റ്റോർ, ലുലു കണക്ട് എന്നീ ലുലു സ്റ്റോറുകളും അന്താരാഷ്ട്ര ബ്രാൻഡുകൾ ഉൾപ്പെടുന്ന ലുലുമാളിലെ വിവിധ ഷോപ്പുകളും ലുലു ഓൺ സെയിലിന്റെ ഭാഗമാകും. എൻഡ് ഓഫ് സീസൺ സെയിലിന്റെ ഭാഗമായി ലുലു ഫാഷനിൽ 50 ശതമാനം വിലക്കുറവിൽ ബ്രാൻഡഡ് വസ്ത്രങ്ങൾ സ്വന്തമാക്കാം. ലേഡീസ് , കിഡ്സ്, ജെൻസ് വെയറുകൾ, ട്രെൻഡഡ് ഔട്ട്ഫിറ്റുകൾ എന്നിവ പകുതി വിലയിൽ സ്വന്തമാക്കാൻ സാധിക്കും. കൂടാതെ ലുലു ഫാഷൻ സ്റ്റോറിലെ ഐ എക്സ്പ്രസ് , ബ്ലഷ് സ്റ്റോറുകളിലും 50 ശതമാനം വിലക്കുറവിൽ പ്രൊഡക്ടുകൾ സ്വന്തമാക്കാം. ഇലക്ട്രോണിക്സ് ആൻഡ് ഹോം അപ്ലയൻസ് ഉത്പ്പന്നങ്ങളുടെ വൻ ശേഖരമൊരുക്കി ലുലു കണക്ടിൽ ഫ്ളാറ്റ് ഫിഫ്റ്റി സെയിലിലൂടെ ടിവി, വാഷിങ് മെഷിൻ, ഫ്രിഡ്ജ് തുടങ്ങി തിരഞ്ഞെടുക്കപ്പെട്ട പ്രൊഡക്ടുകളും വീട്ടുപകരണങ്ങളും, ഇലക്ട്രോണിക്സ് ഉപകരണങ്ങളും 50 ശതമാനം വിലക്കുറവിൽ സ്വന്തമാക്കാം. ഇതിന് പുറമേ ലുലു ഹൈപ്പർ മാർക്കറ്റിൽ നിന്ന് റീട്ടെയിൽ ഉത്പന്നങ്ങൾ, നിത്യോപയോഗ സാധനങ്ങൾ തുടങ്ങിയ തിരഞ്ഞെടുക്കപ്പെട്ട ഉത്പ്പന്നങ്ങൾ 50 ശതമാനം വിലക്കുറവിൽ വാങ്ങിക്കാൻ സാധിക്കും. ജുവലറി, സ്പെക്സ്, കോസ്മെറ്റിക്സ് ആൻഡ് ബ്യൂട്ടി എന്നിവയെല്ലാം വമ്പിച്ച വിലക്കുറവിൽ സ്വന്തമാക്കാം.

ലുലു ഫുഡ് കോർട്ടിലെ എല്ലാ ഷോപ്പുകളും, വിനോദകേന്ദ്രമായ ഫൺട്യൂറയും രാത്രി വൈകിയും ഈ ദിവസങ്ങളിൽ തുറന്ന് പ്രവർത്തിക്കും. ഓഫർ സെയിൽ ദിവസങ്ങളിൽ ഉപഭോക്താക്കളുടെ സൗകര്യാർത്ഥം കൊച്ചി മെട്രോ സർവീസ് രാത്രി 11:40 വരെ പ്രവർത്തിക്കും.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com